**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1166** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗേറ്റ്‌വേ നിലമ്പൂർ - ടൂറിസം പദ്ധതി പുനരാരംഭിക്കുന്നത്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** 2013-14 കാലയളവിൽ നിലമ്പൂർ നിയോജക മണ്ഡലത്തിന്റെ പ്രവേശന ഭാഗത്തായി ഗേറ്റ്‌വേ നിലമ്പൂർ എന്ന പേരിൽ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക് ) മൂന്നര കോടി രൂപ ചെലവഴിച്ച് തുടക്കമിട്ട ടൂറിസം പദ്ധതി പകുതി വഴിയിൽ അവസാനിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ജി.ഒ. (ആർ.റ്റി) നമ്പർ 651/2015/ടി.എസ്.എം തീയ്യതി 31/12/2015 പ്രകാരം നിലമ്പൂർ ടൂറിസ്റ്റ് ഹബ്ബ് പദ്ധതിക്ക് 2 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിരുന്നത്. നിർവഹണ ഏജൻസിയായ സ്റ്റേറ്റ് നിർമിതി കേന്ദ്ര സാങ്കേതാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിച്ചു. എന്നാൽ 2016, 2018 വർഷങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പദ്ധതി പ്രദേശത്തിനുണ്ടായ തകരാറുകൾ മൂലം പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.പദ്ധതി പുനരാരംഭിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.

**(ബി)** പ്രകൃതിമനോഹാരിത, പൈതൃകം, ജൈവവൈവിധ്യം എന്നിവയാൽ സമ്പുഷ്ടമായ നിലമ്പൂരിന്റെ വിനോദസഞ്ചാര സാധ്യതകൾ കണക്കിലെടുത്ത് പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ജി.ഒ. (ആർ.റ്റി) നമ്പർ 651/2015/ടി.എസ്.എം തീയ്യതി 31/12/2015 പ്രകാരം നിലമ്പൂർ ടൂറിസ്റ്റ് ഹബ്ബ് പദ്ധതിക്ക് 2 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിരുന്നത്. നിർവഹണ ഏജൻസിയായ സ്റ്റേറ്റ് നിർമിതി കേന്ദ്ര സാങ്കേതാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിച്ചു. എന്നാൽ 2016, 2018 വർഷങ്ങളിൽ ഉണ്ടായ വെള്ളപ്പൊക്കത്തെ തുടർന്ന് പദ്ധതി പ്രദേശത്തിനുണ്ടായ തകരാറുകൾ മൂലം പദ്ധതി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.പദ്ധതി പുനരാരംഭിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**